**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 297** **23.01.2018 ൽ മറുപടിയ്ക്ക്**

**'ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റുകളുടെ പ്രശ്നങ്ങൾ പരിഹരിയ്ക്കാൻ നടപടി'**

| | ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ |
|---|---|---|---|
| (എ) | ഒക്കുപ്പേഷണൽ തെറാപ്പി ബിരുദ കോഴ്സ് പാസ്സായി സർക്കാർ മെഡിക്കൽ കോളേജിലും വിവിധ ആശുപത്രികളിലും ജോലി നോക്കിവരുന്ന ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റുകൾക്ക് രജിസ്റ്റർ ചെയ്ത് പ്രാക്ടീസ് ചെയ്യുവാൻ നിലവിൽ കേരളത്തിൽ രജിസ്ട്രേഷൻ നടത്താൻ കഴിയാത്തതും, വ്യാജപ്രാക്ടീസ് തടയുന്നതിന് മറ്റ് സംസ്ഥാനങ്ങളിലുള്ളതു പോലെ കൗൺസിൽ രൂപീകരിക്കുന്നതും സംബന്ധിച്ച് നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ; | (എ) | ഇപ്പോൾ പരിഗണനയിലില്ല |
| (ബി) | ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റുകളുടെ ശമ്പളം നിർണ്ണയിച്ചത് യോഗ്യതയ്ക്ക് അനുസരണമല്ല എന്ന പരാതി പരിഹരിക്കുന്നതിനും അനോമലി പരിഹരിക്കുന്നതിനും 56 മ 8709/എച്ച്2/2016/ ആ.കു.വ എന്ന ഫയലിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; ഈ ഫയലിൽ തീരുമാനം കൈക്കൊള്ളുവാനുണ്ടായ കാലതാമസം വ്യക്തമാക്കാമോ; ഈ ഫയൽ എത്രയും വേഗം തീർപ്പ് കൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ഒക്കുപ്പേഷണൽ തെറാപ്പിസ്ററിന്റെ യോഗ്യതയായി നിശ്ചയിച്ചിട്ടുള്ളത് ഒക്കുപ്പേഷണൽ തെറാപ്പിയിലുള്ള ബിരുദം അല്ലെങ്കിൽ അംഗീകൃത സർവകലാശാല നൽകുന്ന ഡിപ്ലോമ ഇൻ ഒക്കുപ്പേഷണൽ തെറാപ്പിയാണ്.ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെയും ആരോഗ്യ വകുപ്പിലെയും ഒക്കുപ്പേഷണൽ തെറാപ്പിസ്ററിന്റെ ജോലി സ്വഭാവവും തമ്മിൽ വ്യത്യാസമുണ്ട്. അതിനാൽ ശമ്പള കമ്മീഷൻ ശുപാർശ ചെയ്ത 27800-59400 എന്ന സ്കെയിൽ തന്നെയാണ് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്നത്. |
| (സി) | ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റുകളുടെ എത്ര ഒഴിവുകൾ ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഓഫീസിൽ നിന്നും പി.എസ്സ്.സിക്ക് റിപ്പോർട്ട് ചെയ്യാനുണ്ട്; ശൂന്യവേതന വ്യവസ്ഥയിൽ വിദേശത്ത് ജോലിക്ക് പോയ തൃശ്ശൂർ ജില്ലയിൽ നിന്നുള്ള വ്യക്തിയുടെ ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; ഇത് എന്നത്തേയ്ക്ക് റിപ്പോർട്ട് ചെയ്യും എന്നറിയിക്കാമോ; ഈ ഫയൽ ഇപ്പോൾ ആരുടെ പക്കലാണെന്ന് അറിയിക്കാമോ; | (സി) | ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റുകളുടെ ഒഴികളൊന്നും ഇനി പി.എസ്സ്.സിക്ക് റിപ്പോർട്ട് ചെയ്യാനില്ല. ശൂന്യവേതന വ്യവസ്ഥയിൽ വിദേശത്ത് ജോലിക്ക് പോയ ശ്രീ ജയകുമാർ വി യുടെ ഒഴിവ് ഉൾപ്പെടെ എല്ലാ ഒഴിവുകളും പി.എസ്സ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>ഫയൽ ഇപ്പോൾ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലുണ്ട്. |
| (ഡി) | ആർദ്രം കേരളം പദ്ധതിയിൽ, ഭിന്നശേഷിക്കാരെയും ഓട്ടിസം, സെറിബ്രൽപാൽസി, പക്ഷാഘാതം മുതലായവ ബാധിച്ചവരെയും പരിചരിക്കുന്ന ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റുകളെ താലൂക്കാശുപത്രി തലം മുതൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ